# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1280** **05.03.2020-ൽ മറുപടിയ്ക്ക്**

**<u>ഇടക്കൊച്ചി ഫിഷ് ഫാം</u>**

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഇടക്കൊച്ചി ഫിഷ് ഫാമിൽ എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ; ഇവയുടെ വിശദാംശം ലഭ്യമാക്കുമോ; | എ) | നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി ട്രാഞ്ചേ XX ൽ ഉൾപ്പെടുത്തി ഇടക്കൊച്ചി ഫിഷ് ഫാം നവീകരണത്തിനായി 12.00 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 8 പോണ്ടുകളുടെയും അതിനോട് അനുബന്ധിച്ചുള്ള സ്ലൂയിസുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും ഉദ്ഘാടനം ചെയ്തിട്ടുള്ളതുമാണ്. അതിൽ മത്സ്യകൃഷി നടത്തിവരുന്നു. ബാക്കിയുള്ള തുക വിനിയോഗിച്ചു കൊണ്ട് തുടർപ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ഇതിൽ 6.5x13m വലിപ്പമുള്ള 4 റിയറിംഗ് കുളങ്ങൾ, 4X2m വലിപ്പമുള്ള നഴ്സറി പോണ്ടുകൾ, ഓഫീസ് ബിൽഡിംഗ്, സ്റ്റോർ, റസ്റ്റോറന്റ്, വൈദ്യുതീകരണം, ഫെൻസിംഗ്, വാട്ടർ ടാങ്ക് നിർമ്മാണം എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്. |
| ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | ബി) | അഡീഷണൽ നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി റസ്റ്റോറന്റ് കം ഓഫീസ് ബിൽഡിംഗ്, റിയറിംഗ് കുളങ്ങൾ, നഴ്സറി കുളങ്ങൾ എന്നിവയുടെ നിർമ്മാണവും, ഫെൻസിംഗും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയും പൂർത്തീകരണ ഘട്ടത്തിലാണ്. |
| സി) എന്നത്തേയ്ക്ക് ഈ നിർമ്മാണം പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ? | സി) | 2020 മാർച്ച് മാസത്തോടു കൂടി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഫാം പൂർണ അർത്ഥത്തിൽ പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ആഫീസർ**